ഉത്തരം

(എ) പ്രതിസന്ധി നേരിടുന്ന സംസ്ഥാനത്തെ തോട്ടം മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി ഇവർക്ക് ആശ്വാസം പകരുന്നതിനായി 2004-2005 വർഷത്തിൽ ഒരു പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാര്യം സർക്കാർ പരിശോധിച്ചുവരുകയാണ്.

(ബി) ഇപ്പോൾ നിലവിലുള്ള തോട്ടം തൊഴിലാളികളുടെ കൂലി (1-4-1999 മുതൽ പ്രാബല്യത്തിലുള്ളത്) അവസാനമായി വർദ്ധിപ്പിച്ചത് 6-3-2000-ൽ കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ എടുത്ത തീരുമാനപ്രകാരമാണ്. ഇതിന്റെ കാലാവധി 31-3-2002-ൽ അവസാനിച്ചു. 1-4-2002 മുതലുള്ള കൂലി വർദ്ധനവിനെ സംബന്ധിച്ച് അതിനുശേഷം നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗങ്ങളിൽ ചർച്ച നടന്നുവെങ്കിലും ഒത്തുതീർപ്പ് ഉണ്ടാക്കുവാൻ ഇതേവരെ കഴിഞ്ഞിട്ടില്ല.

(സി ആന്റ് ഡി) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന തോട്ടം ഉടമകൾ വേതനത്തിൽ കുറവ് വരുത്തണമെന്ന് നോട്ടീസ് നൽകിയിരുന്ന സാഹചര്യത്തിൽ ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ നടന്ന ചർച്ചയുടെ ഫലമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് എന്ന നിലയിൽ 1-4-2002 മുതൽ നൽകേണ്ടിയിരുന്ന ക്ഷാമബത്ത വർദ്ധനവ് തൽക്കാലത്തേയ്ക്ക് മരവിപ്പിക്കുകയുണ്ടായി. ഇത് പുനഃസ്ഥാപിക്കുന്നതിനുവേണ്ടി 2003 ഡിസംബറിലെ യോഗത്തിൽ ധാരണയായെങ്കിലും ഇതിനെതിരെ തോട്ടമുടമകളുടെ പ്രതിനിധികൾ ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. എന്നിരുന്നാലും ഇതേപ്പറ്റി വീണ്ടും ചർച്ച നടത്തുകയും ഇപ്പോൾ കമ്മിറ്റിയിൽ ഉണ്ടായ ധാരണപ്രകാരം ഇത് നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്.

തൊഴിലാളികളുടെ വേതന വർദ്ധനയെപ്പറ്റി ചർച്ചകൾ തുടരുന്നുവെങ്കിലും ധാരണയായിട്ടില്ല.

മാവൂർ ഗ്വാളിയോർ റയോൺസിലെ കരാർ തൊഴിലാളി സമരം

79 [3087] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്വാളിയോർ റയോൺസിലെ കരാർ തൊഴിലാളി സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സമരം തീർക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സമരം തീർക്കുന്നതുമായി ബന്ധപ്പെട്ട് എത്ര പ്രാവശ്യം ചർച്ച നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മാവൂർ ഗ്വാളിയോർ റയോൺസ് അടച്ചുപൂട്ടിയ സാഹചര്യത്തിൽ ഗ്വാളിയോർ റയോൺസിലെ കരാർ തൊഴിലാളികളുടെ നഷ്ടപരിഹാരം സംബന്ധിച്ചുള്ള പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തൊഴിലാളി യൂണിയനുകൾ സംയുക്തമായി ലേബർ കമ്മീഷണർക്ക് നിവേദനം സമർപ്പിച്ചിരുന്നു. ഇതേത്തുടർന്ന് 27-12-2001-ൽ ലേബർ കമ്മീഷണർ വിളിച്ചുകൂട്ടിയ ചർച്ചയിൽ തൊഴിലാളി യൂണിയനുകളുടെ പ്രതിനിധികളും, മാനേജ്മെന്റിന്റെ പ്രതിനിധികളും പങ്കെടുത്തെങ്കിലും മാനേജ്മെന്റിന്റെ പ്രതിനിധികൾ, കരാർ തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകാൻ തയ്യാറല്ലെന്ന നിലപാടിൽ ഉറച്ചു നിന്നതിനാൽ ചർച്ച വിജയിച്ചില്ല. തുടർന്ന് വകുപ്പുമന്ത്രിയുടെ ആഭിമുഖ്യത്തിൽ പലതവണ ചർച്ചകൾ നടന്നെങ്കിലും ഒത്തുതീർപ്പുണ്ടായില്ല. ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനായി ചർച്ചകൾ തുടരുന്നതാണ്.

(സി) പതിനൊന്ന് പ്രാവശ്യം ചർച്ച നടത്തിയിട്ടുണ്ട്.

ഫാർമസ്യൂട്ടിക്കൽ കമ്പനികളിലെ സെയിൽസ് പ്രമോഷൻ എക്സിക്യൂട്ടീവ്സ് മിനിമം വേതനം

80 [3088] ഡോ. തോമസ് ഐസക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാർമസ്യൂട്ടിക്കൽ കമ്പനികളിലെ സെയിൽസ് പ്രമോഷൻ എക്സിക്യൂട്ടീവിന് മിനിമം വേതനം പ്രഖ്യാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മിനിമം വേതനം പ്രഖ്യാപിക്കാനുള്ള ഷെഡ്യൂളിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നുവോ;

(സി) സർക്കാർ ആവശ്യപ്പെട്ടപ്രകാരം ലേബർ കമ്മീഷണർ മിനിമം വേജസ് കമ്മിറ്റിയുടെ പാനൽ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ മിനിമം വേജസ് ഏർപ്പെടുത്തുവാനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 20-11-2000-ലെ ജി.ഒ. (എംഎസ്) 106/2000/തൊഴിൽ നമ്പർ വിജ്ഞാപനമനുസരിച്ച് ഫാർമസ്യൂട്ടിക്കൽ കമ്പനികളിലെ തൊഴിലിനെ 1948-ലെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly